## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 55 — 06.03.2012-ൽ മറുപടിക്ക്.

### വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കൂടുതൽ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ത്വരിതപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യ വികസനം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്ക് KSIDC ഊന്നൽ നൽകുന്നു. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിന് ആവശ്യമായ വ്യവസായ, ഐ.റ്റി കരട് നയങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് കൂടുതൽ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനായി DIC ആരംഭിച്ച പദ്ധതികൾ അനുബന്ധം-I ആയും, കിൻഫ്ര ആരംഭിച്ചവ അനുബന്ധം-II ആയും ചേർത്തിരിക്കുന്നു. |
| (ബി) പുതിയ സാമ്പത്തിക വർഷം വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ ; ആയത് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി KSIDC-യിലൂടെ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി (നാഷണൽ ഇൻവെസ്റ്റ്മെന്റ് & മാനുഫാക്ചറിങ്ങ് സോൺ).<br>2) ലൈഫ് സയൻസ് പാർക്ക്.<br>3) കൊച്ചി ഇലക്ട്രോണിക് ഹബ്ബ്.<br>4) മാംഗ്ലൂർ-തിരുവനന്തപുരം അതിവേഗ റെയിൽ ഇടനാഴി.<br>ഇതോടൊപ്പം നിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി 'എമർജിംഗ് കേരള 2012' എന്ന പേരിൽ ഒരു ദ്വിവർഷ പരിപാടി നടത്തു--വാനും തീരുമാനിച്ചിരിക്കുന്നു. കേരളത്തിലുള്ള നിക്ഷേപ സാദ്ധ്യതകൾ ലോകത്തിന്റെ മുന്നിൽ അവതരിപ്പിക്കാനുള്ള ഒരു അവസരമാണ് 'എമർജിംഗ് കേരള'. ഇതിലൂടെ കേരളത്തെ ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമായി മാറ്റാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വർഷം എമർജിംഗ് കേരള 2012 സെപ്റ്റംബർ മാസത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

2012-2013 സാമ്പത്തിക വർഷം വ്യവസായ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്നതിനായി Entrepreneur Support Scheme എന്ന പദ്ധതി പ്ളാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിൽ പ്രവാസികളുടെ പങ്ക് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ? | (സി) പ്രവാസികളുടെ നിക്ഷേപം ആകർഷിക്കുന്നതിനായി KSIDC-യുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 2011-12 കാലയളവിൽ പ്രവാസികൾ പ്രമോട്ട് ചെയ്യുന്ന പദ്ധതികൾക്ക് KSIDC അനുമതി നൽകുന്ന ലോണുകൾക്ക് 2% പലിശ ഇളവു നൽകുന്നതാണ്. ഇന്ത്യയ്ക്കകത്തും, പുറത്തും ഐ.ടി, ടൂറിസം, എഡ്യൂക്കേഷൻ, ഹെൽത്ത് കെയർ മുതലായ മേഖലയിലെ നിക്ഷേപകരുമായി മുഖ്യമന്ത്രി-മന്ത്രിതല സംഗമങ്ങൾ നടത്താനുള്ള പദ്ധതി ആവിഷ്കരിച്ചുവരികയാണ്. ഇതിൽ വിദേശ മലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കും. കൂടാതെ എല്ലാ വർഷവും ജനുവരിയിൽ പ്രവാസി ഭാരതീയ ദിവസിനോടനുബന്ധിച്ച് കേരളത്തിലെ നിക്ഷേപ സാദ്ധ്യതകളെക്കുറിച്ചുള്ള ഒരു അവതരണം നടത്തിവരുന്നുണ്ട്. |

2012 സെപ്റ്റംബർ മാസത്തിൽ കൊച്ചിയിൽ വച്ച് 'എമർജിംഗ് കേരള' നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുന്നതിനുവേണ്ടി പ്രവാസികളെ പ്രത്യേകം ക്ഷണിക്കുന്നതാണ്. 26 മേഖലകളെ പ്രതിനിധാനം ചെയ്ത് 850 ഓളം പ്രതിനിധികൾ ഈ സംഗമത്തിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സംഗമത്തിന്റെ അവസാന ദിവസം പ്രവാസികൾക്കുവേണ്ടി ഒരു പ്രത്യേക സെക്ഷൻ ഉണ്ടായിരിക്കുന്നതാണ്.

കിൻഫ്രയുടെ വ്യവസായ പാർക്കുകളിലെല്ലാം തന്നെ പ്രവാസി വ്യവസായ നിക്ഷേപകർക്ക് മുൻഗണന നൽകാറുണ്ട്. ഇതുപ്രകാരം കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ നിരവധി പ്രവാസി വ്യവസായികൾക്ക് ഭൂമി അലോട്ട് ചെയ്യുകയും വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇവ കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പ്രവാസികൾക്ക് 5 ലക്ഷം രൂപ വരെ മാർജിൻ മണി വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

വ്യവസായ വാണിജ്യ/ ... വകുപ്പ് അനുബന്ധം -1

1. കമ്പോള വിലയിലും താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.
2. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു.
3. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകൽ.
4. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ്, പരിശീലനം എന്നിവ നല്കുന്നു.
5. ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ.
6. വ്യവസായ സംരംഭകർക്ക് സെമിനാറുകളും പരിശീലനവും നല്കിവരുന്നു.
7. പ്രദർശന വിപണന മേളകളിലൂടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.
8. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുന്നു.
9. ലഘു ചെറുകിട സംരംഭകരുടെ ഉല്പന്ന വില്പനയിലൂടെ ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനുള്ള തർക്കങ്ങൾ പരിഹരിച്ച് തുക ലഭ്യമാക്കാൻ മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.
10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം
11. കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.
12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.
13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നു..
14. സാങ്കേതിക വിദ്യാ വികസന നിധി.
15. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.
16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.
17. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.
18. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ .

അനുബന്ധം 2

കിഫ്ബി

- കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ സ്ഥാപിച്ച കിൻഫ്ര ടെക്സ്റ്റൈൽ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട common dyeing plant.
- പാലക്കാട് കിൻഫ്ര സ്ഥാപിച്ച ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്കുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന Standard Design Factory
- ഇടുക്കി ജില്ലയിലെ രാജകുമാരിയിൽ കിൻഫ്ര സ്ഥാപിക്കുന്ന Rural Apparel Park
- കൊല്ലം ജില്ലയിലെ പിറവന്തൂറിൽ കിൻഫ്ര വികസിപ്പിക്കുന്ന വ്യവസായ പാർക്ക്
- എറണാകുളം ജില്ലയിലെ നെല്ലാട് കിൻഫ്ര പാർക്കിനോട് അനുബന്ധിച്ചുള്ള Standard Design Factory.
- എറണാകുളം ജില്ലയിലെ കാക്കനാട് കിൻഫ്ര സ്ഥാപിച്ചിട്ടുള്ള കയറ്റുമതി പ്രോത്സാഹന വ്യവസായ പാർക്കിന്റെ രണ്ടാം ഘട്ട വികസനം.
- തിരുവനന്തപുരത്ത് കിൻഫ്ര സ്ഥാപിച്ചിട്ടുള്ള ഫിലിം & വീഡിയോ പാർക്കുമായി ബന്ധപ്പെട്ടുള്ള അന്താരാഷ്ട്ര ആനിമേഷൻ സ്കൂൾ.
- കൊച്ചി, കാസർഗോഡ്, പാലക്കാട് എന്നിവടങ്ങളിലെ വ്യാവസായിക ആവശ്യങ്ങൾക്കുള്ള ജല വിതരണ പദ്ധതികൾ